# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 937** **14.01.2021 ലെ മറുപടി**

**തോടുകളുടെയും പുഴകളുടെയും സൈഡ്ഭിത്തി നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) വേങ്ങര നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി 2018 മുതൽ നാളിതുവരെ നടത്തിയതും നടന്നു വരുന്നതുമായ തോടുകളുടെയും പുഴകളുടെയും സൈഡ്ഭിത്തി കെട്ടലിന്റെ വിവരങ്ങൾ നൽകാമോ; | (എ) വേങ്ങര നിയോജക മണ്ഡലത്തിൽ 2018 മുതൽ അനുവദിച്ച പ്രവർത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) അപകടകരമായ സ്ഥലങ്ങളിലെല്ലാം പുഴയുടെ സൈഡ്ഭിത്തി കെട്ടൽ പൂർത്തിയായിട്ടുണ്ടോ, ഇനി ഏതെങ്കിലും കെട്ടുന്നതിന് ഫണ്ട് അനുവദിക്കാത്ത സാഹചര്യമുണ്ടോ, വിശദമാക്കുമോ? | (ബി) അപകടകരമായ സ്ഥലങ്ങളിൽ പുഴയുടെ സൈഡ് ഭിത്തി കെട്ടുന്ന പ്രവർത്തികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## വേങ്ങര നിയോജക മണ്ഡലത്തിൽ 2018 മുതൽ അനുവദിച്ച പ്രവർത്തികളുടെ വിവരങ്ങൾ

### I. വൻകിട ജലസേചന വിഭാഗം മലപ്പുറം

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | SDRF- ഊരകം ഗ്രാമപഞ്ചായത്തിൽ മാണിക്കോത്ത് കടവിൽ DTPC മമ്പീതി ഇക്കോ വില്ലേജിന് സമീപം കടലുണ്ടിപ്പുഴയുടെ വലത് കര സംരക്ഷണം | 20.20 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | SDRF- ഊരകം ഗ്രാമപഞ്ചായത്തിൽ വാർഡ് 16 ൽ ചാലിൽകുണ്ടിൽ വേരേങ്ങൽ മുഴിതോടിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 22 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | FC- വേങ്ങര പഞ്ചായത്തിൽ തേർക്കയത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 34 | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു 60% പൂർത്തീകരിച്ചു |
| 4 | എ.ആർ നഗർ ഗ്രാമപഞ്ചായത്തിലെ വീട്ടു നമ്പർ 293(സി) ക്കു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 40 | പ്രവൃത്തി പുരോഗമിക്കുന്നു. 30% പൂർത്തിയായി |
| 5 | എ.ആർ നഗർ ഗ്രാമപഞ്ചായത്തിലെ മമ്പുറം പാലത്തിന്റെ മുകൾ ഭാഗത്തായി കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 17 | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട് |
| 6 | എ.ആർ നഗർ ഗ്രാമപഞ്ചായത്തിലെ മുഴിക്കൽ കോളനിയിൽ പി.എം. ജാഫർ എന്നവരുടെ വീടിനോട് ചേർന്ന് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 31 | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട് |

### II. ചെറുകിട ജലസേചന വിഭാഗം മലപ്പുറം

1) ഊരകം ഗ്രാമ പഞ്ചായത്തിലെ കാരാതോട് കോൽപ്പള്ളിയാളി തോടിന്റെ പാർശ്വ സംരക്ഷണ പ്രവൃത്തി - 25 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

2) എ.ആർ നഗർ പഞ്ചായത്തിലെ കുറ്റികാട്ടൂർ തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി - 20 ലക്ഷം - പുരോഗമിച്ചുകൊ ണ്ടിരിക്കുന്നു.

3) പറപ്പൂർ പഞ്ചായത്തിലെ ഇരിങ്ങല്ലൂർ എൽ.ഐ സ്കീം പമ്പ് ഹൗസ് സംക്ഷണ പ്രവൃത്തികളും. ഇലക്ട്രിക്കൽ പ്രവൃത്തികളും തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും - 15 ലക്ഷം - പുരോഗമിച്ചുകൊ ണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ